MONDAY 26-12-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : PADMAM S** **Editor : Dr. Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/12/2022.

1. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈ ആയ കേരശ്രീയുടെ വലിയ തൈകൾ ഒന്നിന് 250 രൂപ നിരക്കിൽ (മൊത്തം 400 എണ്ണം) വിൽപ്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000933** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, നേരിട്ട് കൊട്ടിയം ഫാമിൽ നിന്ന് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

4. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന ടാപ്പർമാർക്കായി റബ്ബർബോർഡ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബറുത്പാദകസംഘങ്ങളിൽ ഷീറ്റുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ സ്വന്തം തോട്ടങ്ങളിൽ കുറഞ്ഞത് നൂറ് മരങ്ങളെങ്കിലും തനിയെ ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും പദ്ധതിയിൽ അംഗങ്ങളാകാം. അപേക്ഷകരുടെ പ്രായപരിധി 18-നും 59-നും ഇടയിലായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സുവരെയുള്ള കാലയളവിലുണ്ടാകുന്ന സ്വാഭാവികമരണത്തിന് 80000 രൂപയും അപകടമരണത്തിന് 1.8 ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷയുണ്ടായിരിക്കും. മുന്നൂറ് രൂപയാണ് കുറഞ്ഞ വാർഷിക പ്രീമിയം തുക. കാലാവധി പൂർത്തിയാകുമ്പോൾ കൂടുതൽ നിക്ഷേപത്തുക ലഭിക്കുന്നതിന് ഉയർന്ന നിരക്കിൽ പ്രീമിയം അടയ്ക്കാവുന്നതാണ്. ഓരോ അംഗത്തിന്റെയും പേരിൽ റബ്ബർബോർഡിന്റെ വിഹിതമായി 600 രൂപ നിക്ഷേപിക്കപ്പെടുന്നതാണ്. **2023 ഫെബ്രുവരി 24 വരെ** ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

5. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരും നാളികേര വികസന ബോർഡും സംയുക്തമായി കർഷകർക്ക് **തെങ്ങുകയറ്റ പരിശീലനം, തെങ്ങു കയറ്റ യന്ത്രങ്ങളുടെ ഉപയോഗം, തെങ്ങിന്റെ സംയോജിത രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ, വ്യക്തിത്വ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വികസനം, സംരംഭകത്വ വികസന മാർഗ്ഗങ്ങൾ** എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ആറു ദിവസം നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 കർഷകർക്കാണ് മുൻഗണന.

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 28-ന് നായ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം മൂലം വാഴത്തടയിലുള്ള ദ്വാരങ്ങളിലൂടെ നിറമില്ലാത്ത ജെല്ലി പോലുള്ള ദ്രാവകം ഊറി വരുന്നതായി കാണാം. ഇവയുടെ ആക്രമണം മൂലം വാഴക്കൈകൾ ഒടിഞ്ഞു തൂങ്ങുകയും വാഴക്കുലകൾ പാകമാകാതെ ഒടിഞ്ഞുവീഴാനും കാരണമാകുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി മൂന്ന് മുതൽ അഞ്ച് മാസം പ്രായമാകുമ്പോൾ ഇലപ്പോളകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക് 50 ഗ്രാം ഒരു വാഴയ്ക്ക് എന്ന തോതിൽ ഇട്ടു കൊടുക്കുക. ഉണങ്ങി തുടങ്ങുന്ന ഇലകൾ മുറിച്ചു മാറ്റുക. വാഴത്തടയിൽ ബ്യുവേറിയ ബസിയാന പുരട്ടി കെണി വയ്ക്കുക അല്ലെങ്കിൽ ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചു കൊടുക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്വിനാൽഫോസ് രണ്ടു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലക്കവിളുകളിൽ വീഴത്തക്കവിധം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം